**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3471** — **12-03-2025 - ൽ മറുപടിയ്ക്ക്**

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016 ന് ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എവിടെയൊക്കെ കേരഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ട്; പദ്ധതിയുടെ വിശദാംശം നൽകുമോ? | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ താഴെ പറയുന്ന പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതിനടപ്പിലാക്കി. |

| വർഷം | പഞ്ചായത്ത് |
|---|---|
| 2020-21 | അജാനൂർ |
| 2021-22 | കോടോം ബെളൂർ |
| 2022-23 | കാഞ്ഞങ്ങാട്, കിനാനൂർ കരിന്തളം |
| 2023-24 | പനത്തടി |
| 2024-25 | കള്ളാർ |

2020-21ൽ അജാനൂർ പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 43750 തെങ്ങുകളുടെ തടം തുറക്കൽ, ജൈവവളം, രാസവളം, 868 തെങ്ങിൻതോട്ടങ്ങളിൽ ഇടവിള കൃഷി, 62 ജലസേചന പമ്പ്സെറ്റുകൾ, 11 ജൈവവള നിർമ്മാണ യൂണിറ്റുകൾ, 36 തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ നടപ്പിലാക്കി, 47.67 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 43750 തെങ്ങുകൾക്ക് ജൈവവളം, രാസവളം, 1154 തെങ്ങിൻതോട്ടങ്ങളിൽ ഇടവിള കൃഷി എന്നിവ നടപ്പിലാക്കി 14.54776 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷത്തിൽ 43750 തെങ്ങുകൾക്ക് ജൈവവളം നൽകി 2.68345 ലക്ഷം രൂപ ചെലവഴിച്ചു.

2021-22 ൽ കോടോം ബെളൂർ പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 245 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ തടം തുറക്കൽ, 250 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ രാസവള പ്രയോഗം, 36.8 ഹെക്ടറിൽ ഇടവിള കൃഷി, 20 ജലസേചന പമ്പ്സെറ്റുകൾ, 8 ജൈവവള നിർമ്മാണ യൂണിറ്റുകൾ, 61 തെങ്ങുകയറ്റ യന്ത്രങ്ങൾ, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം തെങ്ങിൻ തൈകൾ എന്നിവ നടപ്പിലാക്കി 45.02 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 250 ഹെക്ടർ

| | | | |
|---|---|---|---|
| | | | തെങ്ങിൻതോട്ടങ്ങളിൽ തടം തുറക്കൽ, 30.5 ഹെക്ടറിൽ ഇടവിള കൃഷി, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം തെങ്ങിൻ തൈകൾ എന്നിവ നടപ്പിലാക്കി 16. 7774 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷത്തിൽ 250 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ തടം തുറക്കൽ നടപ്പിലാക്കി 5.14197 ലക്ഷം രൂപ ചെലവഴിച്ചു.<br><br>2022-23 ൽ കാഞ്ഞങ്ങാട് പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 100 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ തടം തുറക്കൽ, 100 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ ജൈവവള പ്രയോഗം, 11 ജലസേചന പമ്പ്സെറ്റുകൾ, 1 തെങ്ങുകയറ്റ യന്ത്രം, എന്നിവ നടപ്പിലാക്കി 17.2 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 100 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ ജൈവവളം നൽകി. 7.07526 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷം പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>2022-23ൽ കിനാനൂർ കരിന്തളം പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 9525 തെങ്ങുകളുടെ തടം തുറക്കൽ, ജൈവവളം, രാസവളം, 17 ജലസേചന പമ്പ്സെറ്റുകൾ, 3 ജൈവവള നിർമ്മാണ യൂണിറ്റുകൾ, 24 തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ നടപ്പിലാക്കി 17.47185 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 7336 തെങ്ങുകളുടെ തടം തുറക്കൽ, ജൈവവളം, രാസവളം, എന്നിവ നടപ്പിലാക്കി 7.28283 ലക്ഷം രൂപ ചെലവഴിച്ചു. മൂന്നാം വർഷം പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>2023-24ൽ പനത്തടി പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കിയപ്പോൾ 461 തെങ്ങുകളുടെ തടം തുറക്കൽ, 414 തെങ്ങുകൾക്ക് ജൈവവളം, രാസവളം, ഇടവിള കൃഷി, 24 ജലസേചന പമ്പ്സെറ്റുകൾ, 3 തെങ്ങുകയറ്റ യന്ത്രങ്ങൾ, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റൽ എന്നിവ നടപ്പിലാക്കി 21.63317 ലക്ഷം രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 100 ഹെക്ടർ തെങ്ങിൻതോട്ടങ്ങളിൽ ജൈവവളം നൽകി 3.0 ലക്ഷം രൂപ ചെലവഴിച്ചു.<br><br>2024-25ൽ കള്ളാർ പഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്ലസ്റ്ററിലെ തെങ്ങുകളുടെ തടം തുറന്ന് ജൈവവളം നൽകി. |

സെക്ഷൻ ഓഫീസർ